പതിനഞ്ചാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2463** | **23-02-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ നികുതി, നികുതിയേതര ഇനങ്ങളുടെ നിലവിലെ നിരക്കുകൾ പരിഷ്കരിക്കുന്നതിനും പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകാമോ;

**<u>മറുപടി:</u> സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, വിവിധ വകുപ്പുകളിലെ നികുതി-നികുതിയേതര ഇനങ്ങളുടെ നിലവിലെ നിരക്കുകൾ (ഡ്യൂട്ടി, സെസ്സ്, ഫീസുകൾ, ഫൈനുകൾ എന്നിവ ഉൾപ്പെടെ) കാലികമായി പരിഷ്കരിക്കുന്നതിനും, പുതിയ വരുമാന ഇനങ്ങൾ കണ്ടെത്തുന്നതിനുമുള്ള നടപടികൾ സംസ്ഥാന സർക്കാർ തുടർന്ന് വരികയാണ്. റവന്യൂ ശേഖരണം ഊർജ്ജിതപ്പെടുത്തുന്നതിനായി, സംസ്ഥാന സർക്കാരിന്റെ പ്രധാന വരുമാനദായക വകുപ്പുകളുടെ അവലോകന യോഗങ്ങൾ ചേരുകയും, റവന്യൂ കളക്ഷൻ സംബന്ധിച്ച് പ്രതിമാസ അവലോകനം നടത്തുകയും ചെയ്യുന്നു. അതോടൊപ്പം, വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിനു ലഭിക്കാനുള്ള നികുതി കുടിശ്ശിക ഈടാക്കുന്നതിനും, നികുതി വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനും, പുതിയ വരുമാന മേഖലകൾ കണ്ടെത്തുന്നതിനുമുള്ള നിർദ്ദേശം വകുപ്പുകൾക്ക് നല്കിയിട്ടുമുണ്ട്.**

**തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി, പ്രധാനമായും GST, മോട്ടോർ വാഹനം, ലാൻഡ് റവന്യൂ, രജിസ്ട്രേഷൻ, എക്സൈസ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട നികുതികൾ, മൈനർ മിനറലുകൾക്കുള്ള റോയൽറ്റി, വാണിജ്യ-വ്യവസായിക യൂണിറ്റുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി തീരുവ എന്നിവയുടെ നിരക്ക് പരിഷ്കരണം, സാമൂഹ്യ സുരക്ഷാ സെസ്, ഗഹാൻ ഫയലിംഗ്/റിലീസിംഗ് എന്നിവയ്ക്ക് സർവ്വീസ് ചാർജ്ജ് തുടങ്ങിയവ നടപ്പിലാക്കിയിരുന്നു. കൂടാതെ, ജുഡീഷ്യൽ കോർട്ട് ഫീസ്, ഗാലനേജ് ഫീസ്, സ്വന്തമായി വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കും, ലൈസൻസികൾക്കും ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി തീരുവ എന്നിവയുടെ പരിഷ്കരണത്തിലൂടെയും തനത് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി GST, എക്സൈസ് എന്നീ വകുപ്പുകൾ ആംനസ്റ്റി പദ്ധതിയും, മോട്ടോർ വാഹന വകുപ്പ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പാക്കി വരുന്നു. അതോടൊപ്പം GST, മോട്ടോർ വാഹനം, ലാൻഡ് റവന്യൂ, രജിസ്ട്രേഷൻ, എക്സൈസ് എന്നീ വകുപ്പുകൾ നികുതി വെട്ടിപ്പ് തടയുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നു.**

**ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 54988 കോടി**

**രൂപയായിരുന്ന തനത് വരുമാനം 2024-25 വർഷത്തിൽ 93129 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഇക്കാലയളവിൽ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ 69.36% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.**

**(ബി)** അനാവശ്യ ചെലവുകളും ധൂർത്തുകളും ഒഴിവാക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ് എന്ന് പറയുമ്പോൾ തന്നെ പി.ആർ.വർക്കിനും മറ്റ് ചെലവുകൾക്കും വൻ തുകകൾ അനുവദിക്കുന്നത് സർക്കാരിന്റെ കടബാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് കാരണമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u> സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തിയും പരമാവധി അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും മുൻപോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്നുണ്ട്. അതാത് സാമ്പത്തിക വർഷങ്ങളിൽ ബജറ്റ് വിഹിതമായി നിശ്ചയിക്കുന്ന തുകയ്ക്കനുസരിച്ചാണ് ചെലവുകൾ നിയന്ത്രിയ്ക്കുന്നത്. ഓരോ വർഷവും കേന്ദ്ര സർക്കാരാണ് സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി നിശ്ചയിക്കുന്നത്. സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ് പരിധിയ്ക്കുള്ളിൽ നിന്ന് മാത്രമായി ചെലവുകൾ നിയന്ത്രിയ്ക്കുന്നുമുണ്ട്.**

**സെക്ഷൻ ഓഫീസർ**